**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1638** | **12.06.2019-ൽ മറുപടിയ്ക്ക്** |
|---|---|

**മാലിന്യം വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ നടപടി**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ കേരളത്തിൽ നിയമമുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മറ്റുള്ളവരുടെ പറമ്പുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യം തള്ളുന്നവർക്കെതിരെ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള ശിക്ഷണ നടപടി സ്വീകരിക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | മറ്റുള്ളവരുടെ പറമ്പുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യം തള്ളുന്നവർക്കെതിരെ 1994-ലെ പഞ്ചായത്ത് രാജ് 219 വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുസ്ഥലങ്ങളിലോ വഴിയോരങ്ങളിലോ തെരുവിനോട് ചേർന്ന ഒഴിഞ്ഞ സ്ഥലത്തോ മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നോ നിക്ഷേപിക്കുവാൻ കാരണമാകുന്നവരിൽ നിന്നോ അപ്പോൾ തന്നെ 500 രൂപയിൽ കുറയാതെയും 2000 രൂപയിൽ കൂടാതെയുമുള്ള പിഴ ഈടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പഞ്ചായത്ത്രാജ് വകുപ്പ് 219 (റ്റി) വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.<br><br>പൊതുജലമാർഗ്ഗത്തിലോ, ജലാശയത്തിലോ ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുന്നവരിൽ നിന്ന് 10,000/- രൂപയിൽ കുറയാതെയും 25,000/- രൂപവരെ ആകാവുന്നതുമായ തുക പിഴ ഈടാക്കുന്നതിനും 6 മാസത്തിൽ കുറയാതെ ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവുശിക്ഷയടക്കം നൽകുന്നതിന് കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 219 (എസ്) വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കുറ്റം ജാമ്യമില്ലാ കുറ്റമായിട്ടാണ് പരിഗണിക്കുക. ആരെങ്കിലും ടി ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചവറോ ഖരമാലിന്യങ്ങളോ, മൃഗശവമോ നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നതായാൽ അയാൾ മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ 500 രൂപയിൽ കുറയാത്തതും 2000 രൂപ വരെയാകാവുന്നതുമായ പിഴ ശിക്ഷയ്ക്ക് കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 219 (റ്റി) വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥാവ്യതിയാന വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ്‌വേസ്റ്റ് മാനേജ്മെന്റ് ചട്ടം, 2016 പ്രകാരം മാലിന്യമുല്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്തങ്ങളും അധികാരസ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം മാലിന്യം ഉൽപാദിപ്പിക്കുന്ന ഏതൊരാളും മാലിന്യം തെരുവിലോ, പൊതുസ്ഥലത്തോ ജലാശയങ്ങളിലോ വലിച്ചെറിയാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

Remadas

സെക്ഷൻ ഓഫീസർ